പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2535 14.02.2013- ൽ മറുപടിയ്ക്ക്

അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള അന്ധതാനിവാരണ സമിതികളിൽ നേത്ര പരിശോധനാ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, തിമിര രോഗികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് 2012-13 സാമ്പത്തിക വർഷം ഇതുവരെ എത്ര ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ, ചെലവഴിച്ചത് എത്ര; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള അന്ധതാനിവാരണ സമിതികളിൽ നേത്ര പരിശോധനാ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 2012-13 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് ഇനത്തിൽ 256.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (KMCL) കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) ഗ്രാമപ്രദേശങ്ങളിലെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ വേണ്ടവിധം കാര്യക്ഷമമാക്കുന്നതിനായി എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ഒപ്റ്റോമെട്രിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | എല്ലാ ജില്ല, ജനറൽ, താലൂക്ക് ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റുകളെ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |
| (സി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | ഒഫ് താൽമിക് ഓപ്പറേഷൻ തിയറ്റർ നിലവിലില്ലാത്ത എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ഘട്ടംഘട്ടമായി ഓപ്പറേഷൻ തിയറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. അതിന്റെ ഭാഗമായി പ്ലാൻ-ഫണ്ട് മുഖേന നൂതന ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. |

| | | |
|---|---|---|
| | | നേത്രദാനം പൊതുജനങ്ങളുടെയിടയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും കാഴ്ചവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി, അവർക്ക് കണ്ണട നൽകുന്നതിനുള്ള പദ്ധതി സർവ്വ ശിക്ഷ അഭിയാ (SSA) നുമായി ചേർന്ന് ശക്തിപ്പെടുത്തുന്നുണ്ട്. അതിനായി തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് ആരോഗ്യവകുപ്പ് പരിശീലനം നൽകിവരുന്നു |

സെക്ഷൻ ഓഫീസർ